# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *450 15.11.19- ൽ മറുപടി പറയേണ്ടത്

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കുറഞ്ഞുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ എന്നിവ കൈകാര്യം ചെയ്തിരുന്ന ഏതെല്ലാം അധികാരങ്ങളാണ് സർക്കാർ ഏറ്റെടുത്തതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയുടെ ഭേദഗതി അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പിന്റെ ആവശ്യം കണക്കിലെടുത്ത് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും ഉചിതമായി ഭേദഗതി ചെയ്തിട്ടുണ്ട്. |
| (സി) | താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടത്തുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാട് വിശദമാക്കാമോ? | (സി) | അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി മാറ്റുകയെന്നതാണ് ഈ സർക്കാരിന്റെ നയം. |

സെക്ഷൻ ഓഫീസർ